**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2545** **07-07-2022 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ ഇലക്ട്രിക്കൽ സെക്ഷനിൽ കൂടുതൽ ജീവനക്കാരെ നിയമിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ അമിത ജോലി ഭാരം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ; | (എ) | കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഇലക്ട്രിക്കൽ സെക്ഷനുകളുടെ (Model Section) തസ്തിക തിരിച്ച് ജീവനക്കാരുടെ അംഗീകൃത അംഗസംഖ്യ **അനുബന്ധമായി** ചേർക്കുന്നു.<br><br>നിലവിൽ പെരിന്തൽമണ്ണ ഇലക്ട്രിക്കൽ സെക്ഷനിൽ ലൈൻമാൻ തസ്തികയിൽ 2-ഉം, ക്യാഷ്യർ, സീനിയർ അസിസ്റ്റന്റ് തസ്തികകളിൽ ഓരോ ഒഴിവുകളുമാണ് ഉള്ളത്. ബാക്കി എല്ലാ തസ്തികകളിലും മേൽ സൂചിപ്പിച്ച പ്രകാരമുള്ള ജീവനക്കാർ പ്രവർത്തി എടുക്കുന്നുണ്ട്.<br><br>ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ നിലവിൽ സ്വീകരിച്ചു വരുന്നത്. ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്റ്റഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സെക്ഷനിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 2022-ലെ പൊതുസ്ഥലംമാറ്റ നടപടികൾ പൂർത്തീകരിച്ചു വരികയാണ്. ആയതിനോടനുബന്ധിച്ച് |

| | | | |
|---|---|---|---|
| | | | പെരിന്തൽമണ്ണ ഇലക്ട്രിക്കൽ സെക്ഷനിലെ ഒഴിവുകളും നികത്തപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഇലക്ട്രിക്കൽ സെക്ഷനുകളുടെ (Model Section) ജീവനക്കാരുടെ അംഗീകൃത അംഗസംഖ്യ – തസ്തിക തിരിച്ച വിവരം**

| തസ്തിക | അംഗീകൃത അംഗസംഖ്യ |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| സബ് എഞ്ചിനീയർ | 3 |
| ഓവർസിയർ | 6 |
| സീനിയർ അസിസ്റ്റന്റ് | (As per requirement) |
| മീറ്റർ റീഡർ | (As per requirement) |
| കാഷ്യർ | (As per requirement) |
| ലൈൻമാൻ | 12 |
| മസ്ദൂർ | 6 |

സെക്ഷൻ ഓഫീസർ